**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4871** **02-07-2024 - ൽ മറുപടിയ്ക്ക്**

**ഇന്റഗ്രേറ്റഡ് ട്രൈബൽ ഡെവലപ്പ്മെന്റ് പ്രോജക്ട്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. ടി. പി .രാമകൃഷ്ണൻ,<br>ശ്രീ. പി. മമ്മിക്കുട്ടി,<br>ശ്രീ. കെ. പ്രേംകുമാർ,<br>ശ്രീ. കെ.കെ. രാമചന്ദ്രൻ** | | **ശ്രീ ഒ . ആർ. കേളു<br>(പട്ടിക ജാതി, പട്ടിക വർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ വകുപ്പ് മന്ത്രി)** | |
| (എ) | സർക്കാരിന്റെ കൃത്യമായ കാഴ്ചപ്പാടും പദ്ധതി ആസൂത്രണവും കൊണ്ട് അട്ടപ്പാടിയിലെ ഗോത്ര ജനതയുടെ ജീവിതത്തിൽ വന്ന മാറ്റം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ വിശദമാക്കാമോ; | (എ) | **അട്ടപ്പാടിയിലെ ഗോത്രജനതയുടെ ഉന്നമനത്തിനായി കാലാനുസൃതമായ പദ്ധതികൾ വകുപ്പ് ആവിഷ്കരിച്ച് നടപ്പിലാക്കുന്നതിലൂടെ അവരുടെ ജീവിത നിലവാരത്തിൽ മാറ്റം വന്നിട്ടുണ്ട്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു-**<br><br>**• പട്ടികവർഗ്ഗക്കാരെ വിദ്യാഭ്യാസത്തിലൂടെ മുഖ്യധാരയിൽ എത്തിക്കുന്നതിനായി വകുപ്പിന്റെ കീഴിൽ 16 പ്രീമെട്രിക് ഹോസ്റ്റലുകൾ, 1 പോസ്റ്റ്മെട്രിക് ഹോസ്റ്റൽ എന്നിവ പ്രവർത്തിച്ചു വരുന്നു. ഒരു മോഡൽ റസിഡൻഷ്യൽ സ്കൂൾ, ഒരു ഏകലവ്യ മോഡൽ റസിഡൻഷ്യൽ സ്കൂൾ, 43 സാമൂഹ്യ പഠന മുറികൾ, ഒരു മോഡൽ പ്രീ സ്കൂൾ എന്നിവ ഈ ഓഫീസിന്റെ നിയന്ത്രണത്തിൽ പ്രവർത്തിച്ചു വരുന്നു.**<br><br>**. പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട അമ്മയ്ക്കും കുഞ്ഞിനും വേണ്ട പരിചരണം ഉറപ്പാക്കുന്നതിനും പോഷകാഹാര ലഭ്യത ഉറപ്പ് വരുത്തുന്നതിനുമായി ആവിഷ്കരിച്ച പദ്ധതിയാണ് ജനനിജന്മരക്ഷ പദ്ധതി. ഗർഭിണി ആയതിനു ശേഷമുള്ള 3 മാസം മുതൽ കുഞ്ഞിന് ഒരു വയസ്സാകുന്നതുവരെയുള്ള 18 മാസക്കാലം പ്രതിമാസം 2000/- രൂപ വീതം ഈ പദ്ധതിയിലൂടെ നൽകി വരുന്നു.**<br><br>**. ആരോഗ്യ വകുപ്പിന്റെ കീഴിലുള്ള ചികിത്സാ സംവിധാനങ്ങൾക്കു പുറമെ അട്ടപ്പാടിയിലെ പ്രത്യേക സാഹചര്യവും ദുർഘടമേഖല എന്നതും പരിഗണിച്ച് 2 ഒ.പി ക്ലിനിക്കുകളും, പി.വി.റ്റി.ജി കുറുമ്പ മേഖലയിൽ ഒരു മൊബൈൽ മെഡിക്കൽ യൂണിറ്റും പ്രവർത്തിക്കുന്നു.**<br><br>**• അട്ടപ്പാടിയിലെ മൂന്ന് പഞ്ചായത്തുകളിലായി ANM/GNM യോഗ്യതയുള്ള പട്ടികവർഗ്ഗക്കാരായ** |

യുവതികളെ നഴ്സുമാരായി നിയമിച്ചിട്ടുണ്ട്. ഇവർ മുഖാന്തിരം പട്ടികവർഗ്ഗ നഗറുകളിലെ ഗർഭിണികൾക്ക് ആവശ്യമായ നിർദ്ദേശങ്ങളും ബോധവത്കരണവും നൽകി വരുന്ന പദ്ധതിയാണ് വാത്സല്യ സ്പർശം പദ്ധതി.

• അട്ടപ്പാടിയിലെ പട്ടികവർഗ്ഗക്കാർക്കിടയിലെ പോഷകാഹാരക്കുറവ് നികത്തുന്നതിനും ഭക്ഷ്യസുരക്ഷ ഉറപ്പ് വരുത്തുന്നതിനുമായി ശാശ്വതമായ പരിഹാരം ജൈവ കൃഷിയിലൂടെ കണ്ടെത്തുന്നതിന് സ്വന്തമായി ഭൂമിയുള്ള, കൃഷി ചെയ്യുവാൻ താൽപര്യമുള്ള കർഷകർക്ക് ചെറു ധാന്യങ്ങൾ, പയർ വർഗങ്ങൾ, പച്ചക്കറികൾ എന്നിവ കൃഷി ചെയ്യുന്നതിനായി 2019-ൽ ആരംഭിച്ച പട്ടികവർഗ്ഗക്കാർക്കുള്ള വരുമാനദായക കാർഷിക ഉദ്യമ പദ്ധതിയാണ് നമത്ത് വെള്ളാമെ പദ്ധതി.

• പട്ടികവർഗ്ഗക്കാരുടെ പാരമ്പര്യ കൃഷി പ്രോത്സാഹിപ്പിക്കുന്നതിനായി പട്ടികവർഗ്ഗ വികസന ഫണ്ട് വിനിയോഗിച്ച് കൃഷി വകുപ്പ് മുഖേന 41 നഗറുകളിലായി മില്ലറ്റ് ഗ്രാമ പദ്ധതി 2017-18 മുതൽ നടപ്പിലാക്കി വരുന്നു.

• സബ് കളക്ടർ ഒറ്റപ്പാലം, നോഡൽ ഓഫീസർ അട്ടപ്പാടി എന്നിവരുടെ മേൽനോട്ടത്തിൽ വിവിധ വകുപ്പുകളെ ഏകോപിപ്പിച്ചുകൊണ്ട് ശിശുമരണം കുറയ്ക്കുന്നതിനുമായ ഓപ്പൺ ഡാറ്റാ കിറ്റ് (ODK) അവലോകന യോഗങ്ങൾ നടത്തി വരുന്നു.

• പട്ടികവർഗ്ഗ വിദ്യാർത്ഥികളുടെ ഭാഷാ പ്രശ്നങ്ങൾ പരിഹരിക്കുന്നതിനായി അട്ടപ്പാടി മേഖലയിലെ വിവിധ സ്കൂളുകളിലായി 27 മെൻറർ ടീച്ചർമാരെ നിയമിച്ചിട്ടുണ്ട്.

•അട്ടപ്പാടിയിലെ മാനസികരോഗികളുടെ പുനരധിവാസത്തിനായി നടപ്പാക്കുന്ന പദ്ധതിയാണ് 'പുനർജനി.' പട്ടികവർഗ്ഗ വികസനവകുപ്പ് നിരാലംബർക്കായി ആരംഭിച്ച കാരുണ്യാശ്രമത്തിന്റെ ഭൂമി, കെട്ടിടം മറ്റ് ഭൗതികസൗകര്യങ്ങൾ എന്നിവ പ്രയോജനപ്പെടുത്തി ഈ പദ്ധതി നടപ്പാക്കി വരുന്നു.

•കുടുംബശ്രീ മുഖേന കമ്മ്യൂണിറ്റി കിച്ചൻ പദ്ധതി ആവിഷ്കരിച്ച് നടപ്പിലാക്കി വരുന്നു.

• പട്ടികവർഗ്ഗക്കാരെ മുഖ്യധാരയിൽ കൊണ്ടുവരുന്നതിനും സർക്കാർ സേവനങ്ങൾ നഗറുകളിൽ എത്തിക്കുന്നതിനും, നിർണ്ണായക വിടവ് നികത്തുന്നതിനുമായി വകുപ്പിന്റെ കീഴിൽ നിലവിൽ 134 ഫീൽഡ് പട്ടികവർഗ്ഗ പ്രൊമോട്ടർമാർ ഉൾപ്പെടെ 144 പേർ പ്രവർത്തിക്കുന്നു.

• അട്ടപ്പാടി മേഖലയിലെ തെരെഞ്ഞെടുക്കപ്പെട്ട നഗറുകളിൽ സമഗ്ര പദ്ധതിയായ അംബേദ്കർ സെറ്റിൽമെന്റ് ഡവലപ്പ്മെന്റ് സ്കീം നടപ്പിലാക്കി വരുന്നു.

• എസ്.എസ്.എൽ.സി.ക്ക് ശേഷം യൂണിവേഴ്സിറ്റി അംഗീകൃത സ്ഥാപനങ്ങളിൽ വിവിധ കോഴ്സുകൾ പഠിക്കുന്ന പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് വരുമാന പരിധിയില്ലാതെ മുഴുവൻ ഫീസും, ലംപ്സംഗ്രാന്റ്, സ്റ്റൈപ്പന്റ് എന്നിവ ഇ-ഗ്രാന്റ്സ് മുഖേന നൽകുന്നു. വിവിധ പ്രൊഫഷണൽ കോഴ്സുകളിൽ ചേർന്നു പഠനം നടത്തുന്ന പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് അഡ്മിഷൻ സമയത്തെ ചെലവുകൾ നിർവഹിക്കുന്നതിന് 5000/- രൂപ ധനസഹായം നൽകി വരുന്നു.

• ഭക്ഷ്യസഹായ പദ്ധതിയിൽ ക്ഷാമ മാസങ്ങളിൽ അർഹരായ പട്ടികവർഗ്ഗക്കാരെ കണ്ടെത്തി ഭക്ഷ്യധാന്യങ്ങൾ വിതരണം ചെയ്യുന്ന പദ്ധതിയിലൂടെ 9 ഇനങ്ങൾ അടങ്ങിയ ഭക്ഷ്യകിറ്റുകൾ വിതരണം ചെയ്ത് വരുന്നു.

• 24 മണിക്കൂറും പ്രവർത്തിക്കുന്ന ആംബുലൻസ് സൗകര്യം ലഭ്യമാണ്.

.മാതാപിതാക്കൾ ജീവിച്ചിരിപ്പില്ലാത്തതുമൂലം അനാഥരായ കുട്ടികൾക്ക് 18 വയസ്സ് പൂർത്തിയാകുന്നതുവരെ അവരുടെ സംരക്ഷണം ഏറ്റെടുത്തവർക്ക് പ്രതിമാസം 1500 രൂപ വീതം നൽകുന്ന പദ്ധതിയാണ് കൈത്താങ്ങ്.

• 1457 ഗുണഭോക്താക്കൾക്കായി 1226.3172 ഏക്കർ നിക്ഷിപ്ത വനഭൂമി വിതരണം ചെയ്തിട്ടുണ്ട്. വനാവകാശ നിയമ പ്രകാരം അട്ടപ്പാടി മേഖലയിൽ 977 കൈവശാവകാശ രേഖകൾ വിതരണം ചെയ്തിട്ടുണ്ട്.

• വട്ടലക്കി കോ-ഓപ്പറേറ്റീവ് ഫാമിംഗ് സൊസൈറ്റിയിൽ ആകെ വോട്ടവകാശമുള്ള 150 മെമ്പർമാർ ഉണ്ട്. വട്ടലക്കി ഫാം, ആനക്കട്ടി, കല്ലൂർ, മരപ്പാലം, കീരിപ്പതി തുടങ്ങിയ ഊരുകളിലായാണ് ഈ മെമ്പർമാരും അവരുടെ ആശ്രിതരും താമസിക്കുന്നത്. നിലവിൽ 19 ഏക്കർ ഭൂമിയാണ് സംഘത്തിന്റെ കൈവശം ഉള്ളത്. മുളയിൽ നിന്നും വിവിധ ഉൽപ്പന്നങ്ങൾ നിർമ്മിക്കുന്ന യൂണിറ്റ്, ബാഗ് നിർമ്മാണം, കുട നിർമ്മാണം, നോട്ട്ബുക്ക് നിർമ്മാണം തുടങ്ങിയ വിവിധ യൂണിറ്റുകളിലായി 50 പട്ടികവർഗ്ഗ വനിതകൾക്ക് സ്ഥിരമായി സംഘം തൊഴിൽ നൽകി വരുന്നു.

| | | | |
|---|---|---|---|
| | | | **• അട്ടപ്പാടിയിൽ പട്ടികവർഗ്ഗക്കാരുടെ സുസ്ഥിര വികസനം മുൻ നിർത്തി ശ്രദ്ധേയമായ നിലയിൽ പ്രവർത്തിച്ച് വരുന്ന കാർഷിക സഹകരണ സംഘമാണ് അട്ടപ്പാടി കോ -ഓപ്പറേറ്റീവ് ഫാമിംഗ് സൊസൈറ്റി. മുന്നൂറോളം വരുന്ന പട്ടികവർഗ്ഗക്കാരാണ് സംഘത്തിലെ അംഗങ്ങൾ. ഇവർക്ക് സ്ഥിരമായി തൊഴിൽ നൽകി വരുന്നു.**<br><br>**•അട്ടപ്പാടി മേഖലയിലെ പട്ടികവർഗ്ഗക്കാർക്കിടയിൽ സമീപകാലത്തുണ്ടായ ശിശുമരണങ്ങളുടെ പശ്ചാത്തലത്തിൽ ഭാവിയിൽ നവജാത ശിശുമരണങ്ങൾ ഒഴിവാക്കുന്നതിനും, നവജാത ശിശുസംരക്ഷണത്തെ കുറിച്ചുള്ള അറിവ് നൽകുന്നതിനും പട്ടികവർഗ്ഗ നഗറുകൾ കേന്ദ്രീകരിച്ച് മൂന്ന് ഘട്ടങ്ങളിലായി ബോധവത്ക്കരണ ക്യാമ്പുകൾ ഉൾപ്പെടെയുള്ള പ്രവർത്തനങ്ങൾ സംഘടിപ്പിക്കുന്നതിനായി സബ് കളക്ടർ ഒറ്റപ്പാലം, നോഡൽ ഓഫീസർ അട്ടപ്പാടി എന്നിവരുടെ നേതൃത്വത്തിൽ നടപ്പിലാക്കുന്ന പദ്ധതിയാണ് ഊരിന്റെ താരാട്ട് പദ്ധതി.** |
| (ബി) | ഇന്റഗ്രേറ്റഡ് ട്രൈബൽ ഡെവലപ്പ്മെന്റ് പ്രോജക്ടിന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തൊക്കെയാണെന്ന് വിശദമാക്കുമോ; | (ബി) | **വിവിധ വകുപ്പുകളെ ഏകോപിപ്പിച്ചുകൊണ്ട് പട്ടികവർഗ്ഗക്കാരുടെ സമഗ്ര വികസനം ലക്ഷ്യം വെച്ച് പ്രവൃത്തിക്കുന്ന വകുപ്പാണ് സംയോജിത പട്ടികവർഗ്ഗ വികസന വകുപ്പ് (ഐ.റ്റി.ഡി.പി). പട്ടികവർഗക്കാരുടെ സർവതോന്മുഖമായ പുരോഗതിക്കായി പട്ടികവർഗ്ഗ വികസനവകുപ്പും ഇതര വകുപ്പുകളും നടപ്പിലാക്കുന്ന പദ്ധതികൾ നിർവഹിക്കുന്നതിന് നേതൃത്വപരമായ പങ്ക് വഹിച്ച് ആനുകൂല്യങ്ങൾ യഥാസമയം യഥാവിധി വിനിയോഗിക്കുന്നുണ്ടെന്ന് ഉറപ്പ് വരുത്തുക എന്നതാണ് ഐ.റ്റി.ഡി.പി കളുടെ ഉദ്ദേശ ലക്ഷ്യങ്ങൾ.** |
| (സി) | അട്ടപ്പാടിയിലെ കുടിയേറ്റ കർഷകരെ സഹായിക്കുന്നതിനായി എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്; വിശദമാക്കാമോ? | (സി) | **കുടിയേറ്റ കർഷകരെ സഹായിക്കുന്നതിനായി പട്ടികവർഗ്ഗ വികസനവകുപ്പ് മുഖേന പദ്ധതികൾ ഒന്നും തന്നെ നടപ്പിലാക്കുന്നില്ല.** |

സെക്ഷൻ ഓഫീസർ